# الأُسْرَةُ السَّعِيدَةُ

# സന്തുഷ്ഠ കുടുംബം

وَمِنْ آيَاتِهِ أَنْ خَلَقَ لَكُمْ مِنْ أَنْفُسِكُمْ أَزْوَاجًا لِتَسْكُنُوا إِلَيْهَا وَجَعَلَ بَيْنَكُمْ مَوَدَّةً وَرَحْمَةً إِنَّ فِي ذَلِكَ لَآيَاتٍ لِقَوْمٍ يَتَفَكَّرُونَ (الروم ٢١)

സമാധാനം ലഭിക്കാനായി നിങ്ങളിൽ നിന്ന് തന്നെ നിങ്ങൾക്ക് ഇണകളെ അല്ലാഹു സൃഷ്ടിച്ചു , നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തു. തീർച്ചയായും ചിന്തിക്കുന്ന ജനങ്ങൾക്ക് അവകളിൽ ദൃഷ്ടാന്തങ്ങളുണ്ട്.

ഹബീബ് റസൂലുല്ലാഹി(സ) പറഞ്ഞു:

خَيْرُكُمْ خَيْرُكُمْ لأَهْلِهِ، وَأَنَا خَيْرُكُمْ لأَهْلِي ( الترمذي : ٣٨٩٥) .

നിങ്ങളിൽ ഏറ്റവും നല്ലവൻ നിങ്ങളുടെ കുടുംബത്തോട് നല്ല നിലയിൽ പെരുമാറുന്നവനാണ്. ഞാൻ എന്റെ കുടുംബത്തോട് ഏറ്റവും നല്ല നിലയിൽ പെരുമാറുന്നവനാണ്.

സഹോദരങ്ങളേ....

കുടുംബം മനുഷ്യ ജീവിതത്തിന്റെ പ്രധാന ഘടകമാണ്. സമൂഹം ശരീരമാണെങ്കിൽ കുടുംബം ഹൃദയമാണ്. കുടുംബം കൊണ്ട് വിവക്ഷിക്കുന്നത് , മാതാപിതാകളും സഹോദരൻമാരും മാത്രമല്ല, ഉമ്മാമ ഉപ്പാപയും-എളാപ്പ അമ്മായിയും കുടുംബത്തിന്റെ പരിധിയിൽ പെടും. കുടുംബ ബന്ധം ചേർക്കുന്നത് ഇസ്ലാമിക വീക്ഷണത്തിൽ ഒരു ബാധ്യത കൂടിയാണ്. നല്ല കുടുംബത്തിന്റെ അടിത്തറ അല്ലാഹുവിന്റെ പാത പിമ്പറ്റുമ്പോഴാൺ സക്ഷാത്കരിക്കുന്നത്. ഉദാരമായ പെരുമാറ്റവും സത്സ്വഭാവവുമാൺ പ്രധാനം. ഒരു വീട്ടിൽ ദമ്പതികൾ പരസ്പരം സ്നേഹവും പുഞ്ചിരിയും ക്ഷമയും ഉള്ള ജീവിതം നയിക്കുമ്പോൾ ആ ഗൃഹാന്തരീക്ഷത്തിൽ ജീവിക്കുന്ന സന്തതികളും നന്നാവുന്നു. ഭർത്താവ് തന്റെ ഭാര്യയോട് ക്ഷമയോടും ദയയോടും പെരുമാറുക എന്നത് വളരേ പ്രധാനമാണ്, അത് കൊണ്ടാണ് ഖുർആൻ പറയുന്നത് :

وَعَاشِرُوهُنَّ بِالْمَعْرُوفِ ( النساء :١٩)

അവരോട് നിങ്ങൾ നല്ല നിലയിൽ സഹവർത്തിക്കുക

وَلَهُنَّ مِثْلُ الَّذِي عَلَيْهِنَّ بِالْمَعْرُوفِ (البقرة ٢٢٨)

ഭർത്താക്കൻമാരോട് സ്ത്രീകൾക്ക് ബാധ്യതകൾ ഉള്ളതുപോലെ ന്യായപ്രകാരം അവർക്ക് അവകാശങ്ങൾ കിട്ടേണ്ടതുമുണ്ട്

فَإِنْ كَرِهْتُمُوهُنَّ فَعَسَى أَنْ تَكْرَهُوا شَيْئًا وَيَجْعَلَ اللَّهُ فِيهِ خَيْرًا كَثِيرًا (نساء ١٩)

നിങ്ങൾക്കവരോട് വെറുപ്പ് തോന്നുന്ന പക്ഷം(അത് കണക്കിലെടുക്കേണ്ട, കാരണം)നിങ്ങളൊരു കാര്യം വെറുക്കുകയും അതേകാര്യത്തിൽ അല്ലാഹു ധാരാളം നൻമ നിശ്ചയിക്കുകയും ചെയ്തെന്ന് വരാം

നബി(സ) പറയുന്നു

لاَ يَفْرَكْ مُؤْمِنٌ مُؤْمِنَةً، إِنْ كَرِهَ مِنْهَا خُلُقًا رَضِيَ مِنْهَا آخَرَ (مسلم ١٤٦٩)

ഒരു സത്യ വിശ്വാസി(ഭർത്താവും)യും ഒരു സത്യ വിശ്വാസിനി(ഭാര്യ)യോട് ദേഷ്യപ്പെടരുത്; അവളുടെ ഒരു സ്വഭാവത്തിൽ വെറുപ്പ് തോന്നുന്നുണ്ടെങ്കിൽ മറ്റൊരു സ്വഭാവത്തിൽ തൃപ്തി തോന്നും.

പ്രവാചകനിൽ ദമ്പതികൾക്ക് നല്ല മാതൃകയുണ്ട്. നബി(സ) ഒരു നല്ല കുടുംബമായിരുന്നു നയിച്ചിരുന്നത്. ഒരിക്കലും ക്രൂരമായി പെരുമാറിയിരുന്നില്ല. വളരേ അധികം മയത്തോടെയായിരുന്നു പെരുമാറിയിരുന്നത്. രാത്രി ഇശാ നിസ്കാരം കഴിഞ്ഞാൽ ഭാര്യന്മാരോട് സുഖവിവരങ്ങൾ അന്വേഷിക്കുകയും സംസാരിച്ച് അവരെ സന്തോഷിപ്പിക്കുകയും ചെയ്യുമായിരുന്നു.

أَكْمَلُ الْمُؤْمِنِينَ إِيمَانًا أَحْسَنُهُمْ خُلُقًا، وَخِيَارُكُمْ خِيَارُكُمْ لِنِسَائِهِمْ خُلُقًا (ترمذي ١١٦٢)

ഏറ്റവും നല്ല സല്സ്വഭാവിയാണ് പരിപൂർണ്ണ വിശ്വാസി, ഭാര്യന്മാരോട് നല്ല നിലയിൽ പെരുമാറുന്നവനാണ് ഏറ്റവും നല്ല സത്സ്വഭാവി.

അസ്വദ്(റ) ഒരിക്കല് ആയിശ(റ)വിനോട് ചോദിച്ചു: നബി(സ) വീട്ടിൽ എന്താണ് ചെയ്യാറുള്ളത്? അപ്പോൾ ആയിശ(റ) പറഞ്ഞു : നബി(സ) തന്റെ കുടുംബത്തെ(വീട്ട് ജോലികളിൽ )

സഹായിക്കുമായിരുന്നു.നിസ്കാര സമയമാകുമ്പോൾ നിസ്കാരത്തിലേക്ക് പുറപ്പെടും.

ഭാര്യയും ഭർത്താവിനോട് നല്ല നിലയിൽ പെരുമാറേണ്ടതുണ്ട്. അല്ലാഹു പറയുന്നു:

فَالصَّالِحَاتُ قَانِتَاتٌ حَافِظَاتٌ لِلْغَيْبِ بِمَا حَفِظَ اللَّهُ(نساء ٣٤)

നല്ലവരായ സ്ത്രീകൾ(ഭർത്താവിന്റെ സാന്നിധ്യത്തിൽ) അനുസരണശീലമുള്ളവരും, (ഭര്ത്താവിന്റെ അഭാവത്തിൽ) സൂക്ഷിക്കുന്നവരുമാണ്.(എന്ന് വെച്ചാൽ തന്റേ ശരീരത്തെ സൂക്ഷിക്കുകയും , വീട്, മക്കൾ, സ്വത്ത് എന്നിവകളെ സം രക്ഷിക്കുകയും ചെയ്യും)

നബി(സ) പറയുന്നു:

أَلاَ أُخْبِرُكَ بِخَيْرِ مَا يَكْنِزُ الْمَرْءُ؟ الْمَرْأَةُ الصَّالِحَةُ إِذَا نَظَرَ إِلَيْهَا سَرَّتْهُ وَإِذَا أَمَرَهَا أَطَاعَتْهُ وَإِذَا غَابَ عَنْهَا حَفِظَتْهُ(أبوداود ١١٦٤)

മനുഷ്യന് ഏറ്റവും നല്ല സമ്പാദ്യം എന്താണെന്ന് പറഞ്ഞു തരട്ടെയോ?
സദ്സ്വഭാവിയായ ഭാര്യ, അവളെ ഒന്ന് നോക്കിയാൽ അവനെ സന്തോഷിപ്പിക്കും, വല്ലതു കൽപിച്ചാൽ അത് ചെയ്യും, അവൻ സന്നിധിയിൽ ഇല്ലെങ്കിൽ സൂക്ഷിക്കേണ്ടതൊക്കെയും സൂക്ഷിക്കും.

ഭർത്താവിനെ വഴിപ്പെടുകയും, മക്കളെ നല്ല നിലയിൽ വളർത്തുകയും ചെയ്യുക എന്നത് ഒരു ഭാര്യ ചെയ്യുന്ന ഏറ്റവും വലിയ സേവനമാണ്. തനിക്കും തന്റെ കുടുംബത്തിന്നും മാത്രമല്ല, തന്റെ സമൂഹത്തിന്ന് കൂടി വലിയ സംഭാവനയാണ് അവൾ ചെയ്യുന്നത്

**NB:** ഇത് ഖുത്ബയുടെ ഉൾ സാരം മാത്രമാണ്, ഇതിൽ പ്രതിപാദിച്ച ഹദീസ്/ആയത്ത് മനഃപാഠമാക്കാൻ ശ്രമിക്കുക. കുറഞ്ഞത് രണ്ടാവർത്തി വായിച്ച് അറബി ഖുത്ബ കേൾക്കാൻ ശ്രമിക്കുക, അല്ലാഹ ഖൈർ ചെയ്യാൻ തുണക്കട്ടെ. ഈയുള്ളവനിക്ക് വേണ്ടി ദുആ ചെയ്യുമല്ലോ, അക്ഷര/ആശയ പിശക്ക് ഉണർത്തിയാൽ വളരെ നന്ന്

shaheedazhary@gmail.com
അബ്ദുശ്ശഹീദ് അസ്ഹരി ബള്ളൂർ